# അങ്ങാടിപത്രം

നമ്മുടെ നാടിന്റെ വാർത്താജാലകം

നവംബർ 9 ചൊവ്വ 2021

Volume: 1, Issue: 17

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം


## മോക്ഷം കാത്ത് സോളാർ പാനലുകൾ



ബാരാപോൾ സോളാർ പാനലുകൾ കാടുകയറിയ നിലയിൽ

**നീതു തങ്കച്ചൻ**

ബാരാപോൾ ജല വൈദ്യുതി പദ്ധതിയുടെ ഭാഗമായ കനാലിന് മുകളിൽ സ്ഥിതിചെയ്യുന്ന സോളാർപാനലുകൾ കാടുകയറി നശിക്കുന്നു. നാലു വർഷങ്ങൾക്കു മുൻപ് സ്ഥാപിച്ച സോളാർപാനലുകൾ നിലവിൽ വൃത്തിയാക്കിയിട്ടുള്ളത് രണ്ട് തവണ മാത്രമാണെന്നാണ് പ്രദേശവാസികൾ പറയുന്നത്. മുൻവർഷങ്ങളിലെ പ്രളയത്തിൽ മുന്നൂറോളം സോളാർ പാനലുകൾക്ക് കേടുപാടുകൾ സംഭവിച്ചിരുന്നു. എന്നാൽ കെഎസ്ഇബി അധികൃതർ കണക്ഷൻ വിച്ഛേദിച്ചതല്ലാതെ സോളാർപാനലുകൾ മാറ്റി സ്ഥാപിക്കുകയോ വൈദ്യുതി ബന്ധം പുനസ്ഥാപിക്കുകയോ ചെയ്തിട്ടില്ല.

ത്രീ മെഗാ വോൾട്ട്, വൺ മെഗാ വോൾട്ട് എന്നീ ക്രമത്തിൽ ക്ലസ്റ്ററുകളായിട്ടാണ് സോളാർപാനലുകൾ തിരിച്ചിട്ടുള്ളത്. അതിൽ റോജസ് ചെന്നേലിന്റെ വീടിനു മുൻപിൽ നിന്നാരംഭിക്കുന്ന മുന്നൂറ്റിയൊന്നു പാനലുകളാണ് പുനസ്ഥാപിക്കാത്തത്. ജലവൈദ്യുതി പദ്ധതിക്ക് പുറമേ സൗരോർജ്ജത്തിൽ നിന്നും ഉത്പാദിപ്പിച്ചിരുന്ന അധിക വൈദ്യുതിയാണ് കെഎസ്ഇബിക്ക് ഇത്തരത്തിൽ നഷ്ടപ്പെടുന്നത്.

'പാനലുകളുടെ പരിപാലന ചുമതല കെൽട്രോൺ കമ്പനിക്കാണ്. കാടുകയറി നശിക്കുന്നതുമായി ബന്ധപ്പെട്ട് ഇ-മെയിൽ അയച്ചിരുന്നുവെങ്കിലും മറുപടി ലഭിച്ചിട്ടില്ല. നിലവിൽ പാനലുകൾ പ്രവർത്തനക്ഷമമല്ല. ട്രാൻസ്ഫോമർ തകരാറിലായതിനാൽ നന്നാക്കുന്നതിനായി ഗുജറാത്തിലേക്ക് കൊണ്ടുപോയിരിക്കുകയാണ്. ട്രാൻസ്ഫോമറിന്റെ പ്രവർത്തനം തുടങ്ങിയാൽ മാത്രമേ പാനലുകൾ മാറ്റി സ്ഥാപിക്കുന്നതിനോ, വൈദ്യുതി ബന്ധം പുനസ്ഥാപിക്കുന്നതിനോ സാധിക്കൂ. ഇരുന്നൂറ്റിഎഴുപതു പുതിയ പാനലുകൾ എത്തിയിട്ടുണ്ട്. ഈ മാസം തന്നെ പാനലുകളുടെ തകരാറുകൾ പരിഹരിക്കും'. അസിസ്റ്റന്റ് എൻജിനീയർ അനീഷ് അരവിന്ദ് പറഞ്ഞു.'ഇത്രയധികം സോളാർ പാനലുകളുണ്ടായിട്ടും ദിവസവും അഞ്ചു തവണയെങ്കിലും കറന്റ് പോകുന്നത് പതിവാണ്. വൈദ്യുതി തൂണുകളോട് ചേർന്നുനിൽക്കുന്ന പാഴ്മരങ്ങൾ മുറിക്കാത്തതിനാൽ മഴക്കാലങ്ങളിൽ അവ വൈദ്യുതി തൂണുകളിലേക്ക് കടപുഴകി വീണ് വൈദ്യുതി ഉണ്ടാകാറേയില്ല. കൂടാതെ സോളാർപാനലുകളിലെ കാടുകൾ വൃത്തിയാക്കാത്തതു മൂലം ഇഴജന്തുക്കളുടെ ശല്യവും രൂക്ഷമാകുന്നു'. പ്രദേശവാസിയായ ലൂസി മാത്യു ചെന്നേലിൽ പറഞ്ഞു.

കെഎസ്ഇബിയുടെ സംസ്ഥാനത്തെ മുൻനിര ചെറുകിട ജലവൈദ്യുതി പദ്ധതികളുടെ പട്ടികയിൽ ബാരാപോൾ ഇടം നേടിയിരുന്നു. ഈ അവസരത്തിലും പദ്ധതിയുടെ ഭാഗമായ സോളാർ പാനലുകളുടെ കേടുപാടുകൾ പരിഹരിക്കപ്പെട്ടിട്ടില്ല. അതിനാൽ പാനലുകൾ എത്രയും വേഗം പ്രവർത്തനക്ഷമമാക്കാനുള്ള പരിശ്രമത്തിലാണ് അധികൃതർ.

## നെറ്റ് ബോൾ ചാമ്പ്യൻഷിപ്പ്: സോക്കർ 9 അങ്ങാടിക്കടവിന്



നെറ്റ്ബോൾ ചാമ്പ്യൻഷിപ്പ് നേടിയ അങ്ങാടിക്കടവ് സോക്കർ 9 ടീം

**അദാസിയോ ജോവാകിം**

കണ്ണൂർ ജില്ലാ നെറ്റ് ബോൾ അസോസിയേഷൻ 2021 ഒക്ടോബർ 29 ന് കണ്ണൂർ ജവഹർ സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച മുപ്പത്തിയെട്ടാമത് സീനിയർ ജില്ലാ നെറ്റ് ബോൾ ചാമ്പ്യൻഷിപ്പിൽ ജില്ലയിലെ ആദ്യ നെറ്റ് ബോൾ അക്കാദമിയായ സോക്കർ 9 സ്പോർട്സ് ഫൗണ്ടേഷൻ അങ്ങാടിക്കടവ് പുരുഷ വനിതാ വിഭാഗങ്ങളിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി. കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി പി ദിവ്യ ചാമ്പ്യൻഷിപ്പ് ഉദ്ഘാടനം ചെയ്തു. ജില്ലാ ബോർഡ് അസോസിയേഷൻ പ്രസിഡന്റ് ഷാഹിൻ, സെക്രട്ടറിമാരായ മോഹനൻ, ഗീത, വാസുദേവൻ, ഷൈജു സെബാസ്റ്റ്യൻ എന്നിവർ പങ്കെടുത്തു.

'പ്ലസ് വൺ മുതലാണ് നെറ്റ് ബോൾ കളിക്കാൻ തുടങ്ങിയത്. ധാരാളം സാധ്യതകളും അവസരങ്ങളുമുള്ള ഒരു കായിക ഇനമാണ് നെറ്റ് ബോൾ. ഇത്തരമൊരു കായിക ഇനം നമ്മുടെ പ്രദേശത്ത് എത്തിക്കാൻ മുൻകൈയ്യെടുത്ത സ്പോർട്സ് അക്കാദമിയായ സോക്കർ 9 ഫൗണ്ടേഷനിലൂടെ ഞങ്ങളെപ്പോലെയുള്ള നിരവധി കുട്ടി കൾക്ക് ജില്ലാ സംസ്ഥാന ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുവാനും വിവിധ കോളേജുകളിൽ പ്രവേശനം നേടുവാനും സാധിച്ചു. പ്രദേശത്ത് അക്കാദമി ധാരാളം സാധ്യതകൾ കൊണ്ടുവരുന്നു'. അക്കാദമി താരം എബിൻ സണ്ണി പറഞ്ഞു.

ആറു പുരുഷ ടീമും അഞ്ച് വനിതാ ടീമും ഉൾപ്പെടെ 11 ടീമുകളാണ് ജില്ലയിൽ നിന്ന് പങ്കെടുത്തത്. പുരുഷവിഭാഗത്തിൽ കണ്ണൂർ സ്ട്രൈക്കർ ചാമ്പ്യന്മാരും സോക്കർ 9 ഫൗണ്ടേഷൻ, വോയ്സ് ഓഫ് മണിക്കടവ് എന്നിവർ രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. വനിതാ വിഭാഗത്തിൽ വോയിസ് ഓഫ് മണിക്കടവ് ചാമ്പ്യന്മാരും സോക്കർ 9 ഫൗണ്ടേഷൻ രണ്ടാം സ്ഥാനവും കണ്ണൂർ സ്ട്രൈക്കർ മൂന്നാം സ്ഥാനവും നേടി. 'തികച്ചും യാദൃശ്ചികമായാണ് ബാസ്ക്കറ്റ് ബോൾ പ്രേമിയായ ഞാൻ നെറ്റ് ബോളിലേക്ക് മാറിയത്. അക്കാദമിയിലെ നാല്പത് വിദ്യാർത്ഥികൾ വിവിധ വിഭാഗങ്ങളിൽ തങ്ങളുടെ കഴിവ് തെളിയിച്ചിട്ടുണ്ട്. അവരിലൊരാളായതിൽ അഭിമാനിക്കുന്നു'. ആഷി ബിജു പറഞ്ഞു.

'കുറഞ്ഞ കാലയളവിനുള്ളിൽ ജില്ലാതലത്തിൽ രണ്ടാം സ്ഥാനത്തെത്തുകയും പത്തോളം കുട്ടികൾ സംസ്ഥാന ചാമ്പ്യൻഷിപ്പിന് യോഗ്യത നേടുകയും ചെയ്തു. അടുത്ത വർഷം കുട്ടികളെ മികച്ച വിജയത്തിലേക്ക് നയിക്കാൻ കഴിയുമെന്ന പ്രതീക്ഷയുമുണ്ട്. വരാനിരിക്കുന്ന സംസ്ഥാന ചാമ്പ്യൻഷിപ്പിനുള്ള കണ്ണൂർ ജില്ലാ സീനിയർ ടീമിലേക്ക് തങ്ങളുടെ വിദ്യാർത്ഥികളെ ഉൾപ്പെടുത്താമെന്ന പ്രതീക്ഷയിലാണ് അക്കാദമി'. മുഖ്യ പരിശീലകൻ ഷൈജു സെബാസ്റ്റ്യൻ പറഞ്ഞു. കോച്ച് ബിനിഷ് വിൻസെന്റിന്റെയും, സുജിത്ത് കുമാറിന്റെയും മേൽനോട്ടത്തിലാണ് സോക്കർ 9 ഫൗണ്ടേഷൻ ടീം വിജയത്തിൽ എത്തിയത്.

## അക്ഷരമുറ്റം തെളിഞ്ഞു

**ഡെൽന ഡേവിസ്**

കോവിഡിനോട് പടപൊരുതി ഒന്നര വർഷത്തെ ഇടവേളയ്ക്കു ശേഷം അങ്ങാടിക്കടവ് സേക്രഡ് ഹാർട്ട് സ്കൂൾ മുറ്റത്ത് വിദ്യാർഥികളെത്തി. ഗൂഗിൾ മീറ്റിൽ മാത്രം കണ്ട തങ്ങളുടെ സഹപാഠികളെ വിദ്യാലയ അങ്കണത്തിൽ വെച്ച് കണ്ടുമുട്ടിയപ്പോൾ അവരുടെ കണ്ണുകളിൽ നക്ഷത്രത്തിളക്കം. പൂവും ബലൂണും ഒപ്പം രണ്ടുതുള്ളി സാനിറ്റൈസറും കൊണ്ട് അധ്യാപകർ വിദ്യാർഥികൾക്ക് സ്വാഗതമേകി. പുതിയ ഉടുപ്പും ബാഗുമായാണ് ഭൂരിഭാഗം വിദ്യാർത്ഥികളുമെത്തിയത്. മാസ്ക് പുഞ്ചിരി മറച്ചെങ്കിലും വിദ്യാർത്ഥികളുടെ ആവേശം അധ്യാപകർ നേരിൽ കണ്ടു.




പ്രവേശനോത്സവദിവസം പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ വിദ്യാർത്ഥികളെ സ്വീകരിക്കുന്നു

'ഞങ്ങൾ അധ്യാപകർക്ക് കുട്ടികൾ വരുമോ ഇല്ലയോ എന്ന ചെറിയൊരാശങ്കയുണ്ടായിരുന്നു. 250 കുട്ടികളുള്ള ആദ്യബാച്ചിൽ, 150 കുട്ടികളെയെ പ്രതീക്ഷിച്ചിരുന്നുള്ളൂ. പക്ഷെ സ്കൂൾ തുറന്ന ദിവസം തന്നെ 195 കുട്ടികൾ വന്നു. അടുത്തദിവസം അത് 203 ആയി. മൂന്നാം ദിവസം 206 ആയി. വന്ന കുട്ടികൾ എല്ലാദിവസവും വരുന്നു എന്നത് തന്നെ ശുഭസൂചനയാണ്. മാസ്കും സാനിറ്റൈസറും ഒക്കെ എല്ലാവരും തന്നെ ഉപയോഗിക്കുന്നുണ്ട്. ക്ലാസിലുള്ള കുട്ടികളുടെ എണ്ണം കുറവായതിനാൽ ടീച്ചേഴ്സിന് ശ്രദ്ധിക്കാനും എളുപ്പമാണ് . രണ്ടാഴ്ച കഴിഞ്ഞാൽ വൈകുന്നേരം വരെയുള്ള റെഗുലർ ക്ലാസുകൾ തുടങ്ങാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്'. സേക്രട്ട് ഹാർട്ട് ഹെഡ് മാസ്റ്റർ സ്റ്റാനി എം കെ പറഞ്ഞു.

ഉച്ചഭക്ഷണത്തിനു പുറമേ രണ്ടു ബാച്ചുകൾക്കുമായി ആഴ്ചയിലൊരിക്കൽ മുട്ടയും പാലും നൽകുന്നുണ്ട്. ഒന്നരവർഷം ഓൺലൈൻ ക്ലാസുകളിൽ കുടുങ്ങിക്കിടന്ന വിദ്യാർഥികളുടെ വിരസത മാറ്റി ഉത്സാഹം നിറയ്ക്കുകയാണ് അധ്യാപകർ.

'ടീച്ചർമാർക്കും കുട്ടികൾക്കും ഓഫ്‌ലൈൻ ക്ലാസുകൾ തന്നെയാണ് നല്ലത്. സ്കൂൾ തുറന്നതിൽ ഒരുപാട് സന്തോഷം. ടീച്ചർ ബോർഡിൽ എഴുതുന്നത് കാണുമ്പോഴുള്ള കുട്ടികളുടെ ആ സന്തോഷം ഓൺലൈൻ ക്ലാസിൽ കിട്ടില്ല. ഇപ്പോൾ കുറച്ചു കാര്യങ്ങളെ പഠിപ്പിക്കുന്നുള്ളുവെങ്കിലും അതവർ ഉത്സാഹത്തോടെ മനസ്സിലാക്കുന്നതിൽ സന്തോഷമുണ്ട്'. അദ്ധ്യാപിക ജിജി ടി പറഞ്ഞു.

കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് 20 കുട്ടികൾ വീതമുള്ള രണ്ട് ബാച്ചുകളായാണ് ക്ലാസുകൾ നടത്തുന്നത് . തിങ്കൾ, ചൊവ്വ, ബുധൻ ദിവസങ്ങളിൽ ആദ്യ ബാച്ചും വ്യാഴം, വെള്ളി, ശനി ദിവസങ്ങളിൽ രണ്ടാമത്തെ ബാച്ചും. ഒരു ബഞ്ചിൽ രണ്ടു കുട്ടികൾ മാത്രം. മാസ്കും സാനിറ്റൈസറും നിർബന്ധം. ഇങ്ങനെ ഒട്ടേറെ നിബന്ധനകളുണ്ട്.

'സ്കൂളുകൾ തുറക്കുന്നില്ല എന്ന് ആദ്യം കേട്ടപ്പോൾ സന്തോഷമായിരുന്നു. കുറെ അവധി കിട്ടുമല്ലോ എന്ന് തോന്നി. പിന്നീട് വീട്ടിലിരുന്ന് മടുത്തു. കൂട്ടുകാരെ കാണാൻ പറ്റുന്നില്ല, പുറത്തിറങ്ങാൻ പറ്റുന്നില്ല. തുടക്കത്തിൽ ഓൺലൈൻ ക്ലാസ് ഒരു ആശ്വാസമായിരുന്നു. പക്ഷെ അപ്പോഴും കൂട്ടുകാരെയും ടീച്ചർമാരെയും മിസ്സ് ചെയ്തിരുന്നു. ഇപ്പോൾ ടീച്ചേഴ്സിനെ കാണാം... കൂട്ടുകാരെ കാണാം... കൂട്ടുകാരോടൊത്ത് കളിക്കാം... വീട്ടിലിരുന്ന് ഓൺലൈൻ ക്ലാസ് കൂടുന്നതിലും നല്ലത് സ്കൂളിൽ വരുന്നതാണ്'. വിദ്യാർത്ഥിയായ അഭിജിത് ജോഷി പറഞ്ഞു.

'ക്ലാസ്സ് ഇല്ലാതിരുന്ന സമയത്ത് അടുത്ത കൂട്ടുകാർ കൂടി സൈക്കിൾ ഓടിക്കുകയും കളിക്കുകയും ഒക്കെ ചെയ്തിരുന്നു. ഓൺലൈൻ ക്ലാസിൽ പഠിപ്പിക്കുന്നത് മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ടായിരുന്നു. സ്കൂളിൽ വരുമ്പോൾ കൂട്ടുകാരെയും, ടീച്ചർമാരെയും കാണാം. ക്ലാസുകൾ നേരിട്ട് കേൾക്കാം അതുകൊണ്ടുതന്നെ സ്കൂളിൽ വരുന്നത് ഇഷ്ടമാണ്'. വിദ്യാർത്ഥിയായ ജിയോ ഷാജി പറഞ്ഞു.

കുറെ നാളുകൾക്കു ശേഷം വിദ്യാലയത്തിന്റെ ചൂടും ചൂരും, സുഹൃദ്ബന്ധത്തിന്റെ തണലും ആവോളം ആസ്വദിക്കുകയാണ് വിദ്യാർത്ഥികൾ. അവർക്ക് എല്ലാവിധ പിന്തുണയുമായി അധ്യാപകരും.

## കാരുണ്യസ്പർശമായി 'ജൂബിലി ദർശനം'

**ചെറുപുഷ്പം പാറക്കൽ**

തലശ്ശേരി: തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോർജ് ഞരളക്കാട്ടിന്റെ പൗരോഹിത്യ സ്വീകരണത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷത്തിന്റെ ഭാഗമായി സൗജന്യ നേത്ര പരിശോധന നടത്തുന്നു. അതിരൂപതയുടെ കീഴിൽ വരുന്ന തലശ്ശേരി മിഴി ഐ കെയറും, നെട്ടൂർ ഒപ്ടിക്കൽസും സംയുക്തമായാണ് സൗജന്യ നേത്രപരിശോധന ഒരുക്കിയിരിക്കുന്നത്.

നവംബർ, ഡിസംബർ, ജനുവരി മാസങ്ങളിൽ കണ്ണൂർ കാസർഗോഡ് ജില്ലകളിലെ 65 വയസ്സിന് മുകളിലുള്ളവർക്ക് മിഴി ഐ കെയർ ഹോസ്പിറ്റലിൽ പരിശോധന സൗകര്യം ഉണ്ടാവും.

ഇടവക വികാരിമാർ വഴി പേര് നൽകുന്ന അർഹരായവർക്ക് നേത്ര പരിശോധന നടത്തുകയും ആവശ്യക്കാർക്ക് പരിശോധനയ്ക്ക് പുറമെ കണ്ണടയും നൽകുന്നു. രണ്ടായിരം രൂപയിലധികം വരുന്ന ഗുണമേന്മയുള്ള കണ്ണടകളാണ് ഒരുക്കിയിരിക്കുന്നത്.

സ്തുത്യർഹസേവനത്തിന്റെ നേർസാക്ഷ്യമായി തലശ്ശേരി അതി രൂപതയുടെ ഇടയൻ ജോർജ് ഞരളക്കാട്ടിന്റെ പൗരോഹിത്യ ജീവിതത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾ വളരെ വ്യത്യസ്തമായ രീതിയിലാണ് നടത്തുന്നത്.



'കൊറോണക്കാലമായതിനാൽ പൊതു ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിലാണ് ആഘോഷങ്ങൾ ഒരുക്കിയിരിക്കുന്നത്. തികച്ചും മാതൃകാപരമായി നടത്തുന്ന പ്രവർത്തനങ്ങൾക്ക് ഒട്ടേറെ നല്ല അഭിപ്രായങ്ങളാണ് നാനാഭാഗത്തു നിന്നും ലഭിച്ചുകൊണ്ടിരിക്കുന്നത്'. അതിരൂപത ചാൻസലർ ഫാ തോമസ് തെങ്ങുംപള്ളിയിൽ പറഞ്ഞു. തന്റെ ജീവിതത്തിലെ പ്രധാനപ്പെട്ട ദിനത്തിൽ ആഘോഷങ്ങൾക്കപ്പുറം സേവന മാതൃക പകർന്നു നൽകുകയാണ് അഭിവന്ദ്യ മാർ ജോർജ് ഞരളക്കാട്ട് .

## എഡിറ്റോറിയൽ

### കൊറോണ കാലത്തെ പ്രവേശനോത്സവം

കോവിഡ് പേടിയിൽ ഇരുപത് മാസങ്ങളായി അടഞ്ഞുകിടന്നിരുന്ന വിദ്യാലയങ്ങളുടെ കവാടങ്ങൾ തുറക്കപ്പെടുകയാണ്. ഈ തുറവി വലിയ പ്രതീക്ഷകൾ ഉയർത്തുന്നുവെങ്കിലും ജാഗ്രതയുടെ കവചം ആവശ്യമാണ്.

ആരോഗ്യവകുപ്പിന്റെയും സർക്കാരിന്റെയും കോവിഡ് പ്രോട്ടോകോൾ പാലിക്കപ്പെടുന്നുണ്ടോ എന്ന കാര്യങ്ങൾ സ്കൂൾ അധികാരികൾ ഉറപ്പുവരുത്തിയില്ലങ്കിൽ അല്പം ശാന്തമായിരിക്കുന്ന വൈറസ് വീണ്ടും പത്തി വിടർത്തുവാൻ സാധ്യതയേറെയാണ് .

ക്ലാസ് മുറികളിൽ അകലം പാലിക്കുകയും, മുഖംമൂടി ധരിക്കുകയുമൊക്കെ ചെയ്യുന്നുണ്ടെങ്കിൽ പോലും വഴികളിലും, കടകളിലും വാഹനങ്ങളിലുമൊക്കെ വേണ്ടത്ര സുരക്ഷ നേടുന്നതിൽ വിദ്യാർത്ഥികൾ അശ്രദ്ധരാണ്. ഈ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്തിയില്ലങ്കിൽ വലിയ ആപത്തായിരിക്കും നമ്മളെ കാത്തിരിക്കുക. തുറക്കപ്പെട്ട വിദ്യാലയ വാതിലുകൾ വീണ്ടും അടയുവാനുള്ള സാധ്യത വിദൂരമല്ല. അങ്ങനെ സംഭവിച്ചാൽ വീണ്ടും ഓൺലൈൻ ക്ലാസ്സുകളിലേക്കു മടങ്ങേണ്ടിവരും. അത് നമ്മുടെ വിദ്യാഭ്യാസ സംവിധാനങ്ങൾ താറുമാറാക്കുകയും വിദ്യാർത്ഥികളെ മാനസിക സംഘർഷങ്ങളിൽ എത്തിക്കുകയും ചെയ്യും. പുനരാരംഭിക്കപെട്ട വിദ്യാലയങ്ങളുടെ പ്രവർത്തനം തടസ്സമില്ലാതെ മുന്നോട്ട് പോകണം. പിന്നീട് വലിയ വിഷമതകൾ ഉണ്ടാവാതിരിക്കാൻ വിദ്യാർത്ഥി സമൂഹവും ബന്ധപ്പെട്ട അധികാരികളും ജാഗ്രത പുലർത്തുന്ന കാര്യത്തിൽ അമാന്തം കാണിക്കരുത്. അങ്ങനെ നീണ്ട ഇടവേളക്ക് ശേഷം ആരംഭിക്കുന്ന പുതിയ അധ്യയന വർഷം കുട്ടികൾക്ക് പുത്തൻ പ്രതീക്ഷയേകട്ടെ...

**- എഡിറ്റർ**

## അറിയിപ്പ്

### നികുതി പിരിവ് ക്യാമ്പ് നടത്തപ്പെടുന്നു

അയ്യൻകുന്ന് ഗ്രാമ പഞ്ചായത്തിൽ 2021-22 വർഷത്തിൽ അടച്ചു തീർക്കേണ്ട വസ്തു നികുതി സ്വീകരിക്കുന്നതിനായി നവംബർ 10 ബുധനാഴ്ച ക്യാമ്പ് നടത്തപ്പെടുന്നു. പുന്നക്കുണ്ട് കടക്ക് സമീപം ഉച്ചകഴിഞ്ഞു 2:30 മുതൽ 5 വരെ പഞ്ചായത്ത് ഉദ്യോഗസ്ഥർ ക്യാമ്പ് ചെയ്യുന്നതാണ്.

# കരിക്കോട്ടക്കരി വില്ലേജ് ഓഫീസ് സജ്ജമാകുന്നു

**അഭിറാം കെ**

കരിക്കോട്ടക്കരിയിൽ പുതിയ വില്ലേജ് ഓഫീസ് താത്കാലിക കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ചു. ഫെബ്രുവരി 27 ന് ഉദ്ഘാടനം ചെയ്ത വില്ലേജ് ഓഫീസ് കരിക്കോട്ടക്കരി ടൗണിലാണ് സ്ഥിതി ചെയ്യുന്നത്. നിലവിൽ നീരാമ്പുഴ വർക്കി എന്നയാൾ ഒരു വർഷത്തേക്ക് വാടകയില്ലാതെ നൽകിയ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വില്ലേജ് ഓഫീസിന്റെ പൂർണ്ണമായ പ്രവർത്തനം ഒരു മാസത്തിനുള്ളിൽ തന്നെ നടത്താൻ സാധിക്കും.

മലയോര ജനതയുടെ ദീർഘകാല ആവശ്യം പരിഗണിച്ചുകൊണ്ടാണ് അയ്യൻകുന്ന് വില്ലേജ് വിഭജിച്ച് കരിക്കോട്ടക്കരി ആസ്ഥാനമായി പുതിയ വില്ലേജ് ഓഫീസ് അനുവദിച്ചത്. മൂന്ന് ഉദ്യോഗസ്ഥരാണ് നിലവിൽ ഇവിടെയുള്ളത്. പായം വില്ലേജ് ഓഫീസർ ഷാജി പി. എം വില്ലേജ് ഓഫീസറായും ബിജു ജോൺ വില്ലേജ് അസിസ്റ്റന്റായും സജീഷ് കെ. കെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റായും ഇവിടെ ചുമതലയേറ്റിരിക്കുന്നത്.

'നികുതി അടവുകൾ പോലുള്ള ചെറിയ സേവനങ്ങളാണ് ഇപ്പോൾ കരിക്കോട്ടക്കരി വില്ലേജ് ഓഫീസിൽ നിന്ന് ചെയ്തുകൊടുക്കുന്നത്. മറ്റു രേഖകളൊക്കെ അയ്യൻകുന്ന്, ആറളം വില്ലേജ് ഓഫീസുകളിൽ നിന്ന് ലഭിച്ചതിന് ശേഷം എല്ലാ സേവനങ്ങളും കരിക്കോട്ടക്കരി വില്ലേജ് ഓഫീസിൽ നിന്ന് ലഭ്യമാകും'. സജീഷ് കെ. കെ. പറഞ്ഞു.




**കരിക്കോട്ടക്കരിയിൽ പ്രവർത്തിക്കുന്ന താത്കാലിക വില്ലേജ് ഓഫീസ്**

'പുതിയ വില്ലേജ് ഓഫീസ് കരിക്കോട്ടക്കരിയിൽ യാഥാർഥ്യമായത് ഒരുപാടുപേർക്ക് ആശ്വാസമായിട്ടുണ്ട്. ചെറിയ ആവശ്യങ്ങൾക്ക് പോലും വില്ലേജ് ഓഫീസിനെ സമീപിക്കുന്നവർക്ക് അയ്യൻകുന്ന് വരെ വരുന്നത് ഏറെ ബുദ്ധിമുട്ട് ഉണ്ടാക്കിയിരുന്നു. കരിക്കോട്ടക്കരി വില്ലേജ് ഓഫീസ് പ്രവർത്തന സജ്ജമാകുന്നതോടെ ആറളം, അയ്യൻകുന്ന് ഭാഗത്തുള്ള ധാരാളം പേർക്ക് കരിക്കോട്ടക്കരി വില്ലേജ് ഓഫീസിനെ ആശ്രയിക്കാം. കൂടാതെ വികസന സമിതിയുടെ നേതൃത്വത്തിൽ വില്ലേജ് ഓഫീസിന് സ്വന്തമയി സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ നടക്കുന്നുണ്ട്. സ്ഥലം ലഭിച്ചതിനുശേഷം പുതിയ വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ പണികൾ ആരംഭിക്കും'. പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളികുന്നേൽ പറഞ്ഞു.

### വില്ലേജ് പരിധി പ്രദേശങ്ങൾ

അയ്യൻകുന്ന് പഞ്ചായത്തിലെ എടപ്പുഴ, പൂവത്തോട്, കരിക്കോട്ടക്കരി, കമ്പനിനിരത്ത്, ഈന്തുംകരി, വലിയപറമ്പുംകരി വാർഡുകൾ പൂർണമായും ആനപ്പന്തി, മുണ്ടയാംപറമ്പ് വാർഡുകളുടെ ഭാഗിക പ്രദേശങ്ങളും ആറളം പഞ്ചായത്തിന്റെ മാഞ്ചോട് വിയറ്റ്നാം എടൂർ വാർഡുകളുടെ ഭാഗങ്ങൾ.

# ഏയ് അച്ചായന്റെ ഓട്ടോ

**ക്രിസ്റ്റീൻ ലൂയിസ്**

'ഏയ് ഓട്ടോയിലെ' സുധിയും സുന്ദരിയും വെള്ളിത്തിരയിലെത്തുന്നതിനും രണ്ടുവർഷം മുൻപേ അയാൾ ഓട്ടോറിഷയുമായി നിരത്തിലിറങ്ങിയിരുന്നു. സ്വന്തം പേര് ജോസഫ്, വിളിപ്പേര് തങ്കച്ചൻ, അറിയപ്പെടുന്നത് അച്ചായൻ. മുപ്പത്തിമൂന്ന് വർഷത്തെ ഓട്ടോറിക്ഷ ജീവിതം നൽകിയ സംതൃപ്തിയിൽ ചിരിച്ചുകൊണ്ട് അങ്ങാടിക്കടവിലെ ഓട്ടോ കാരണവർ സംസാരിച്ചു തുടങ്ങി. കെ എൽ 58 സി. 412 ജീസസ് ഓട്ടോയും അച്ചായനും അങ്ങാടിക്കടവിനു സുപരിചിതമാണ്. ഇരുപത്തിയൊന്ന് വർഷമായി അച്ചായൻ അങ്ങാടിക്കടവിലെ ഓട്ടോ സ്റ്റാന്റിലുണ്ട്.

തോമസ് മറിയം ദമ്പതികളുടെ മൂന്നാമത്തെ മകനായി 1959ൽ നെല്ലിക്കാംപൊയിൽ ജനനം. ഇരുപത്തിയൊമ്പതാം വയസ്സിൽ ഇരിട്ടിയിൽ ഓട്ടോഡ്രൈവറായി തുടക്കം. ലാംബെട്ട്രാ ഓട്ടോയായിരുന്നു ആദ്യകാലത്ത്. തിരൂർക്കാരി എൽസിയെ ജീവിതസഖിയാക്കി. രണ്ട് ആൺമക്കൾ. കുടുംബം പുലർത്താനും മക്കളെ പഠിപ്പിക്കാനുമായി ഓട്ടോജീവിതം തുടങ്ങിയ അച്ചായനിന്ന് തന്റെ ഉത്തരവാദിത്ത്വങ്ങൾ പൂർണ്ണമായി നിറവേറ്റിയതിന്റെ സംതൃപ്തിയിലാണ്.




**അങ്ങാടിക്കടവിലെ ഓട്ടോ സ്റ്റാൻഡിൽ അച്ചായൻ**

ഓട്ടോറിക്ഷ ഡ്രൈവർമാർ നാടിന്റെ സ്പന്ദനമാണ്. അതുകൊണ്ടാവാം വികസനം പൂർത്തിയാകാത്ത അങ്ങാടിക്കടവിനെക്കുറിച്ചാണ് അച്ചായന്റെ വലിയ വിഷമവും. നീണ്ട വർഷത്തെ ഓട്ടോ ജീവിതം വേദനയും സന്തോഷവും നിറഞ്ഞു സമ്മിശ്രമാണ്. വേദനകളെ മറവിയിലാഴ്ത്തി, സന്തോഷം നിറഞ്ഞ ഓർമ്മകളിൽ പ്രതീക്ഷയോടെ ജീവിതം മുന്നോട്ട് നയിക്കുന്നു. ഒരുപാട് നല്ല യാത്രക്കാർ, നല്ല സൗഹൃദങ്ങൾ, അതാണ് വലിയ സമ്പാദ്യം. ഓട്ടോ ഡ്രൈവർ എന്ന മേഖല നല്കുന്ന സ്വാതന്ത്ര്യം തന്നെ യാണ് അച്ചായൻ ഇപ്പോഴും ഈ മേഖലയിൽ തുടരാൻ കാരണം. 'ഞാൻ ഇഷ്ടപ്പെടുന്നത് സ്വാതന്ത്ര്യത്തെയാണ്. നമ്മുടെ സൗകര്യത്തിനനുസരിച്ചു ഓട്ടത്തിന് ഇറങ്ങിയാൽ മതി. ഇഷ്ടമുള്ളപ്പോൾ പണി നിർത്താം. വേറെ ഒരിടത്തും അത് പറ്റില്ല.' അച്ചായൻ പറഞ്ഞു.

ആദ്യകാലങ്ങളിൽ ജീവിതം കരക്കടുപ്പിക്കാൻ രാവും പകലും ഓട്ടോ ഓടിച്ചിട്ടുണ്ട്. രാത്രികളിൽ ഓട്ടോയിൽ അന്തിയുറങ്ങിയിട്ടുണ്ട്. പകലും രാത്രിയും അധ്വാനിച്ചാലും ഒരു ഓട്ടോഡ്രൈവർ മെനക്കെടുന്നതിന്റെ കൂലി പലപ്പോഴും കിട്ടാറില്ല, എങ്കിലും സംതൃപ്തനാണ്. നാളിതുവരെ ദൈവം എന്നെ തോൽപ്പിച്ചിട്ടില്ല. ജീവിതത്തിലെ ഇന്നുള്ള എല്ലാ സൗകര്യങ്ങളും ഈ ഓട്ടോ ഓടിച്ചു കിട്ടിയതാണ്. അച്ചായൻ ഓർത്തെടുത്തു.

പെട്രോളിന് അറുപതും ചില്ലറ യും ഉള്ളപ്പോഴാണ് മീറ്ററിന് ഇരുപത്തിയഞ്ച് രൂപ വിലയിടുന്നത്. സർക്കാർ ഓട്ടോ ചാർജ്ജ് വർധിപ്പിക്കാതെ കൂട്ടി വാങ്ങാൻ ആകില്ല. ഓട്ടോ ഡ്രൈവർമാർ ആരും കോടീശ്വരൻമാരല്ല, സാധാരണക്കാർമാത്രമാണ്. ഇന്ധന വിലവർധനയും വാഹനത്തിന്റെ അറ്റകുറ്റപ്പണികളും ഈ മേഖലയിൽ ഉള്ളവരുടെ സാമ്പത്തിക നിലയെ അരക്ഷിതാവസ്ഥയിലാക്കുന്നു. ഓട്ടോ മേഖലക്ക് സബ്സിഡി ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടും അധികാരികൾ കണ്ണടക്കുന്നു. ഓട്ടോക്കാരുടെ പ്രതിനിധി എന്ന നിലയിലാണ് അച്ചായൻ ഈ വിഷമം പങ്കുവച്ചത്.

ഈ മേഖലയിലേക്ക് കടന്നുവരുന്നവരോട്, പ്രത്യേകിച്ചു യുവാക്കളോട് നിരുത്സാഹപരമായ നിലപാടാണ് അച്ചായനുള്ളത്. ഈ കാലഘട്ടത്തിൽ വണ്ടിക്കാരെ മോശമായരീതിയിൽ സമൂഹം വിലകുറച്ചു കാണുന്നത് തന്നെയാണ് കാരണം. മറ്റൊരു തൊഴിൽ സാധ്യതയും ഇല്ലെങ്കിൽ മാത്രമേ ഓട്ടോ എടുക്കാവൂ. ജീവിതചിലവിനുള്ളത് കിട്ടും, കൂടുതൽ ഒന്നും പ്രതീക്ഷിക്കരുത്. കാശിനു വേണ്ടി മോശമായ ഒരു ഓട്ടത്തിനും ഇതുവരെ പോയിട്ടില്ല. സത്യസന്ധതക്കാണ് പ്രാധാന്യം. ആത്മാർഥമായി അധ്വാനിക്കുക അതിനുള്ള ഫലം ലഭിക്കും. സാധിക്കുന്നിടത്തോളം ഇനിയും ഓട്ടോ ഓടിക്കും. ഓട്ടോറിക്ഷ മാറ്റി നിർത്തിയൊരു ജീവിതം അച്ചായനില്ല.

# കെസിവൈഎം ബ്ലഡ് ഡ്രൈവ് ആപ്പിന്റെ പ്രവർത്തനങ്ങൾക്ക് തുടക്കമായി

**തോവിത്തോ പോജി**

കെസിവൈഎം അങ്ങാടിക്കടവ് യൂണിറ്റ് ബ്ലഡ് ഡ്രൈവ് ആപ്പ് ആരംഭിക്കുന്നതിന്റെ ഭാഗമായി 18- 65 പ്രായപരിധിയിലുള്ള ഇടവകാംഗങ്ങളുടെ വിവരശേഖരണം നടത്തി. ഒക്ടോബർ മുപ്പത്തിയൊന്നാം തീയതി ഞായറാഴ്ച കുർബാനയ്ക്ക് ശേഷമാണ് വിവരശേഖരണം നടത്തിയത്. വ്യക്തികളുടെ പേര്, രക്തഗ്രൂപ്പ്, ഫോൺനമ്പർ മുതലായവയാണ് ശേഖരിച്ചത്. കെസിവൈഎം അങ്ങാടിക്കടവ് യൂണിറ്റ് ബ്ലഡ് ഡ്രൈവിന്റെ പേരിലുള്ള ആപ്പ് ആൻഡ്രോയിഡ് ഫോണുകളിൽ ലഭ്യമാക്കുന്നതിന്റെ ഭാഗമായാണ് വിവരശേഖരണം നടത്തിയത്.

'ഇടവകയിൽ വർഷങ്ങൾക്കു മുൻപ് ആരംഭിച്ച ഒരു നല്ല ആശയമാണ് രക്തശേഖരണ പദ്ധതി. ആവശ്യക്കാർക്ക് രക്തം എത്തിക്കുക എന്നതാണ് ലക്ഷ്യം'. ഇടവകാംഗം വിൽസൺ കുരീക്കൽ പറഞ്ഞു.

'ഏതാനും വർഷങ്ങൾക്കു മുൻപാണ് രക്തദാന വിവരശേഖരണ പദ്ധതി ഇടവകയിൽ ആരംഭിച്ചത്. സാങ്കേതിക പ്രശ്നങ്ങൾ കാരണമാണ് അന്നത് മുടങ്ങിയത്. ഇപ്പോൾ പ്രവർത്തനം പുനർക്രമീകരിച്ചിരിക്കുകയാണ് എല്ലാവർക്കും കെസിവൈഎം അങ്ങാടിക്കടവ് യൂണിറ്റ് ബ്ലഡ് ഡ്രൈവ് എന്ന ആപ്പ് പ്ലേ സ്റ്റോറിൽ നിന്നും ലഭ്യമാക്കും. ആവശ്യമുള്ള രക്തഗ്രൂപ്പ് കണ്ടെത്താൻ അത്യാവശ്യക്കാർ പെട്ടന്ന് സാധിക്കണം അതാണ് ലക്ഷ്യം'. കെസിവൈഎം പ്രസിഡന്റ് ദിപിൻ പി മാത്യു പറഞ്ഞു.

'അങ്ങാടിക്കടവ് പ്രദേശത്തെ എല്ലാവരെയും ഒരുമിപ്പിക്കുന്ന ഒരു രക്തദാന സേന സംഘടിപ്പിക്കാൻ ആഗ്രഹിച്ചിരുന്നു. രൂപപ്പെട്ടു കഴിഞ്ഞാൽ അടിയന്തര സാഹചര്യങ്ങളിൽ രക്തം ലഭിക്കുന്നതിന് ബുദ്ധിമുട്ട് ഉണ്ടാകുകയില്ല. ഈ പദ്ധതി എല്ലാവർക്കും വേണ്ടിയുള്ളതാണ്, മറ്റിടങ്ങളിലേക്കും വ്യാപിക്കും. അങ്ങാടിക്കടവ് സേക്രട്ട് ഹാർട്ട് ചർച്ച് അസിസ്റ്റന്റ് വികാരി ഫാ തോമസ് പൂവമ്പുഴ പറഞ്ഞു.




വാർത്തകൾക്കും പരസ്യങ്ങൾക്കും വിളിക്കൂ...
9496698531

For private circulation only

എഡിറ്റോറിയൽ ടീം - ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റേഴ്സ്: അനിൽ തോമസ് നല്ലൂർ, സോണറ്റ് മാത്യു | എഡിറ്റർ ഇൻ ചാർജ്: ചെറുപുഷ്പം പാറക്കൽ | സബ് എഡിറ്റേഴ്സ്: അഭിറാം കെ, ക്രിസ്റ്റീൻ ലൂയിസ്, അദാസിയോ ജോവാകിം, നീതു തങ്കച്ചൻ, ഡെൽന ഡേവിസ്, തോവിത്തോ പോജി | ഫോട്ടോഗ്രാഫർ: അഭിറാം കെ, അദാസിയോ ജോവാകിം | ഡിസൈൻ: അഭിറാം കെ |